(ഡി) വണ്ടൂർ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ നിലവിലുള്ള പദ്ധതിയുടെ ഇംപ്രൂവ്മെന്റിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(ഇ) അവിടെ ടാങ്ക് നിർമ്മിക്കുവാൻ ആവശ്യമായ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ എന്ന് അറിയിക്കാമോ ;

(എഫ്) എങ്കിൽ ടാങ്കിന്റെ പണി ആരംഭിക്കാനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ, നെടിയിരുപ്പ് എന്നീ ഗ്രാമപഞ്ചായത്തുകളെയാണ് പൈലറ്റ് പഞ്ചായത്തുകളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. മറ്റ് പഞ്ചായത്തുകൾ ഏതൊക്കെയെന്ന് തീരുമാനമായിട്ടില്ല.

(സി) ഈ പദ്ധതിക്കുള്ള കിണറിന്റെ പണി ടെണ്ടർ ചെയ്തെങ്കിലും പാറയായതിനാൽ കോൺട്രാക്ടർ പ്രവർത്തി ഏറ്റെടുത്തിട്ടില്ല. എസ്റ്റിമേറ്റ് പുനഃപരിശോധനയിലാണ്.

(ഡി) ഇപ്പോൾ നിലവിലുള്ള പദ്ധതിയുടെ ഇംപ്രൂവ്മെന്റിനായി 41.82 ലക്ഷം രൂപയുടെ അനുമതിയായിട്ടുണ്ട്. ടാങ്ക് പണി ടെണ്ടർ ചെയ്തിട്ടുണ്ട്. സാംപിളിനുള്ള സ്ഥലം കിട്ടിയിട്ടില്ല.

(ഇ) സ്ഥലം ലഭിച്ചിട്ടുണ്ട്.

(എഫ്) ടാങ്ക് വർക്കിനുള്ള ടെണ്ടർ പരിശോധനയിലാണ്. ഇതിന് അംഗീകാരം നൽകി പ്രവർത്തി ആരംഭിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

തൊഴിലാളികൾക്ക് മാതൃകാ പെരുമാറ്റച്ചട്ടം

54 (204) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലാളികൾക്ക് മാതൃകാപെരുമാറ്റച്ചട്ടം ആവിഷ്ക്കരിക്കുന്നതിന് തൊഴിൽ വകുപ്പ് സംഘടിപ്പിച്ച ശിൽപശാല കൊണ്ട് ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചോയെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ശിൽപശാലയിൽ വ്യവസായിക തൊഴിൽ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളുണ്ടായി എന്ന് വെളിപ്പെടുത്താമോ ;

(സി) തൊഴിലാളി യൂണിയനുകളുടെ പ്രവർത്തന ശൈലി മാറ്റുന്നതിനെക്കുറിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ ശിൽപശാലയിൽ ഉരുത്തിരിഞ്ഞോ എന്ന് വ്യക്തമാക്കാമോ ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിപ്പിക്കുന്നതിന് തൊഴിലാളികളുടെ ഭാഗത്ത് നിന്ന് നിർദ്ദേശങ്ങളുണ്ടായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളിലെ കെടുകാര്യസ്ഥതയെക്കുറിച്ചും പ്രഗത്ഭരുടെ അഭാവത്തെക്കുറിച്ചും ശിൽപശാലയിൽ ചർച്ചകൾ ഉണ്ടായോ ?

ഉത്തരം

(എ) തൊഴിലാളികൾക്ക് മാതൃകാ പെരുമാറ്റച്ചട്ടം ആവിഷ്ക്കരിക്കുന്നതിലേക്ക് തൊഴിൽവകുപ്പ് സംഘടിപ്പിച്ച ശിൽപശാല കൊണ്ട് ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടിട്ടുണ്ട്. തൊഴിലാളി, തൊഴിലുടമ, സർക്കാർ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്ത ശിൽപശാലയിൽ തൊഴിലാളി-തൊഴിലുടമ, സർക്കാർ എന്നിവർ പാലിക്കേണ്ട പെരുമാറ്റചട്ടത്തിന്റെ കരട് രൂപ രേഖ തയ്യാറായിട്ടുണ്ട്. എന്നാൽ ഇതിന് ഒരു അന്തിമ രൂപം നൽകിയിട്ടില്ല. ഇത് സർക്കാർ തലത്തിൽ വിശദമായി പരിശോധിച്ചു വരുന്നു.

(ബി&സി) ഈ കാര്യങ്ങളെ കുറിച്ചുണ്ടായ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പൊരുമാറ്റച്ചട്ടത്തിന് അന്തിമ രൂപം നൽകിവരുന്നതേയുള്ളൂ.

(ഡി) ഉണ്ട്.

(ഇ) ഉണ്ടായി. ഇക്കാര്യം പരിശോധനയിലാണ്.

തൊഴിലാളി ക്ഷേമനിധി

55 (207) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയതായി ഏതെങ്കിലും വിഭാഗം തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചെറുകിട തോട്ടം തൊഴിലാളികൾക്ക് ക്ഷേമനിധി.

2. അലക്ക് ബാർബർ തൊഴിലാളി ക്ഷേമനിധി.
3. കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി.
4. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി.

ചെറുകിട തോട്ടം തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള ബിൽ (ബിൽ നമ്പർ 224) പ്രസിദ്ധീകരിച്ചിട്ടുണ്ട്. അലക്ക് ബാർബർ

LIBRARY ARCHIVES Kerala Legislative Assembly